(ബി) നിലവിലുണ്ടായിരുന്ന ശമ്പളപരിഷ്ക്കരണ കാലാവധി കഴിഞ്ഞ് പുതിയ ശമ്പളപരിഷ്ക്കരണം നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്നതിനാണ് ഇടക്കാലാശ്വാസം അനുവദിക്കുന്നത്.

(സി) പെറ്റോ, ജോയിന്റ് കൗൺസിൽ എന്നീ സർവ്വീസ് സംഘടനകളാണ് ഇടക്കാലാശ്വാസം ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം സമർപ്പിച്ചിട്ടുള്ളത്.

(ഡി) ഇടക്കാലാശ്വാസം അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

'ഇ.എസ്.ഐ. ഡോക്ടർമാരുടെ പെൻഷൻ പ്രായം'

142 (6593) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഡോക്ടർമാരുടെ പെൻഷൻപ്രായം ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്രയായിരുന്നു ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്രയായി വർദ്ധിപ്പിച്ചു ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഇ. എസ്. ഐ. ഡോക്ടർമാരുടെ പെൻഷൻ പ്രായം സർക്കാർ ഡോക്ടർമാരുടേതിന് തുല്യമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഡി) ഇ.എസ്.ഐ ഡോക്ടർമാരുടെ പെൻഷൻ പ്രായവും മറ്റുള്ളവരുടേതിനോട് തുല്യമാക്കി ഉത്തരവ് പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) 55 വയസ്സ്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം സർക്കാർ ഡോക്ടർമാരുടെ പെൻഷൻ പ്രായം പുനഃക്രമീകരിച്ചുള്ള പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട് :

1. 30-3-2012-ലെ സ.ഉ. (കൈ.) നമ്പർ 105/2012/എച്ച്&എഫ്.ഡബ്ല്യു.ഡി. പ്രകാരം സർക്കാർ മെഡിക്കൽ കോളേജുകളിലേയും മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ വിഭാഗങ്ങളിലെയും ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

2. 1-4-2012-ലെ സ.ഉ. (കൈ.)നമ്പർ 107/2012/ എച്ച്&എഫ്.ഡബ്ല്യു.ഡി. പ്രകാരം ആയുർവ്വേദ കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

3. 9-4-2012-ലെ സ.ഉ. (കൈ.) നമ്പർ 108/2012/എച്ച്&എഫ്.ഡബ്ല്യു.ഡി. പ്രകാരം ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

4. 26-2-2014-ലെ സ.ഉ. (കൈ.) നമ്പർ 31/2014/തൊഴിൽ പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം 58 വയസ്സായി വർദ്ധിപ്പിച്ചു.

5. 26-3-2014-ലെ സ.ഉ. (കൈ.) നമ്പർ 110/2014/ആ.കു.വ. പ്രകാരം 31-8-2014 വരെ വിരമിക്കുന്ന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള (ഹെൽത്ത് സർവ്വീസസ്) ഡോക്ടർമാരുടെ സേവന കാലാവധി 6 മാസം നീട്ടിനൽകി.

6. 27-6-2014-ലെ സ.ഉ. (കൈ.) നമ്പർ 74/2014/തൊഴിൽ പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അലോപ്പതി വിഭാഗം ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(സി) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അലോപ്പതി ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസ്സും മറ്റുവിഭാഗം ഡോക്ടർമാരുടെ പെൻഷൻ പ്രായം 58 വയസ്സുമാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

കേന്ദ്ര കുടുംബ പെൻഷൻ ഓപ്റ്റ് ചെയ്തവർക്ക് സംസ്ഥാന കുടുംബ പെൻഷൻകൂടി നൽകാനുള്ള പദ്ധതി

143 (6594) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ വകുപ്പിൽ കേന്ദ്ര ഗവൺമെന്റ് ഫാമിലി പെൻഷൻ ഓപ്റ്റ് ചെയ്ത സർക്കാർ ജീവനക്കാർക്ക് സ്റ്റേറ്റ് ഫാമിലി പെൻഷൻകൂടി നൽകുന്നതിനുള്ള (ഫയൽ No. 19138/B4/2011/Fin.) നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഈ ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഇവർക്ക് സ്റ്റേറ്റ് ഫാമിലി പെൻഷൻ കൂടി നൽകാനുള്ള തീരുമാനത്തിന് അടിയന്തരമായി നടപടി എടുക്കുമോ ?

ഉത്തരം

(എ) ഈ വിഷയത്തിൽ 19138/പെൻ ബി4/2014/ഫിൻ നമ്പർ ഫയൽ നിലവിലുണ്ട്.

(ബി&സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly